# ലൈബ്രറി ദേശീയ സമ്മേളനം ഇന്ന് സമാപിക്കും

Janayugom 09.12.17

തൃശൂർ: സെൻറ് തോമസ് കോളേജ് ലൈബ്രറി വിഭാഗം, കേരള കോളേജ് ലൈബ്രേറിയൻസ് അസോസിയേഷനും, സെൻറ് മേരീസ് കോളേജുമായി ചേർന്ന് സംഘടിപ്പിച്ച ലൈബ്രേറിയന്മാരുടെ ത്രിദിന ദേശീയ കോൺഫ്രൻസിനു തുടക്കം കുറിച്ചു. 7 ന് തുടങ്ങിയ സമ്മേളനം ഇന്ന് സമാപിക്കും. കോൺഫ്രൻസ് 110 വർഷം പഴക്കമുള്ള ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ലൈബ്രേറിയൻ ഡോ. ആനന്ദ ബൈരപ്പ ഉൽഘാടനം ചെയ്തു.

പുതിയ യുഗത്തിലെ ലൈബ്രേറിയൻ വെറും പുസ്തക സൂക്ഷിപ്പുകാരനല്ല, മറിച്ച് ഒരു അധ്യാപകന്റെ പോലെ തന്നെ വിജ്ഞാനവിതരണം ചെയ്യുന്ന ആളാണെന്ന് അദ്ദേഹം മുഖ്യപ്രഭാഷണത്തിൽ പറഞ്ഞു. പ്രിൻസിപ്പാൾ ഡോ. പി .ഒ. ജെൻസൻ അദ്ധ്യക്ഷനായിരുന്നു.

ഇന്ത്യൻ അക്കാഡമിക് രംഗത്തെ ഓപ്പൺ അക്സസ്സ് വിദഗ്ധൻ ഡോ. ഫ്രാൻസിസ് ജയകാന്ത്, കാർഷിക സർവകലാശാല ലൈബ്രേറിയൻ ഡോ. ഏ.ടി. ഫ്രാൻസിസ്സ് , സെൻറ് മേരീസ് കോളേജ് പ്രിൻസിപ്പാൾ ഡോ. സി. മാഗി ജോസ്, ഡോ. ഫാ. മാർട്ടിൻ കൊളമ്പ്രത്ത്, ഭാരവാഹികൾ സി. മരിയ ഡിസിൽവ, ശ്രീ. പി. മനോജ് കുമാർ, ഓർഗനൈസിംഗ് സെക്രട്ടറി ശ്രീ സാൻജോ ജോസ് എന്നിവർ പ്രസംഗിച്ചു. രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രഗൽഭരായ ലൈബ്രറി ശാസ്ത്രജ്ഞന്മാരും, അധ്യാപകരും തുടർന്ന് നടക്കുന്ന ക്ലാസ്സുകൾ നയിക്കും. 100 ൽ പരം ലൈബ്രേറിയന്മാർ കോൺഫ്രൻസിൽ പങ്കെടുക്കുന്നുണ്ട്.

വിദ്യാഭ്യാസമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ്, തൃശൂർ അതിരൂപതാ സഹായ മെത്രാൻ മാർ. ടോണി നീലങ്കാവിൽ തുടങ്ങിയവർ ഇന്ന് രാവിലെ 10:30ന് നടക്കുന്ന സമാപന സമ്മേളനത്തിൽ പങ്കെടുക്കും.




ലൈബ്രേറിയന്മാരുടെ ത്രിദിന ദേശീയ സമ്മേളനം തൃശൂർ: സെൻറ് തോമസ് കോളേജിൽ ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ലൈബ്രേറിയൻ ഡോ. ആനന്ദ ബൈരപ്പ ഉൽഘാടനം ചെയ്യുന്നു